**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **20-01-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ,<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ ഐ. ബി. സതീഷ് ,<br>ശ്രീ കെ.വി.അബ്ദുൾ ഖാദർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോലീസ് സേനയുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധനവിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | 1) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും എസ്.എച്ച്.ഒ. മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. 2) രണ്ടോ അതിലധികമോ എസ്.ഐ.മാർ ഉള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്. 3) അധികാര പരിധി നോക്കാതെ ഏതൊരു പോലീസ് സ്റ്റേഷനിലും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 4) ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബുകളിലേക്ക് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 5) പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13 പുതിയ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിച്ചു. 6) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 7) കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് POL-APP പേരിൽ പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്. 8) സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CCPWC. 9) പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | നടപടികൾ വേഗത്തിലാക്കാൻ "e-VIP" വെബ് പോർട്ടൽ ഏർപ്പെടുത്തി. 10) മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ/ഫീസ് എന്നിവ ഡിജിറ്റലായി ഒടുക്കുന്നതിനുള്ള 'Traffic Offence Compounding E-Chalan System' ആരംഭിച്ചിട്ടുണ്ട്. 11) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും Emergency Response Support System (ERSS) സംവിധാനം ആരംഭിച്ചിട്ടുണ്ട്. 12) സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. 13) ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിനായി 'Virtual Q' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പോലീസ് സേനയിലെ ഒഴിവുകൾ പൂർണ്ണമായും നികത്താനായിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് സേനയിൽ എത്രപേരെ നിയമിച്ചെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന പോലീസ് സേനയിൽ ആകെ 12284 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ആകെ 12229 പേർക്ക് പി.എസ്.സി വഴി നിയമനം നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ, പ്രത്യേകിച്ച് ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കുറ്റകൃത്യങ്ങളിൽ കുറവ് വന്നിട്ടുണ്ടോ; | (സി) | കുറവ് വന്നിട്ടുണ്ട്. ആകെ ക്രൈം കേസുകളുടെ എണ്ണം (IPC+SLL) 2016 - 707870, 2017 - 653500, 2018 - 512167, 2019 - 453074, 2020 - 526476 |
| (ഡി) | സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലയിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹൈടെക് സെൽ, സൈബർ ഡോം തുടങ്ങിയ സംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. സൈബർ ഡോമിന്റെ സഹായത്തോടെ ഓപ്പറേഷൻ പി-ഹണ്ട് പോലുള്ള റെയ്ഡുകൾ നടത്തി കുറ്റവാളികളെ വേഗത്തിൽ കണ്ടുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ